# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം

E mail: kauagmet@yahoo.co.in, cohagmet@kau.in

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 17/18(34), വെള്ളിയാഴ്ച** **തീയ്യതി 27.04.2018**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 28.04.2018 | 29.04.2018 | 30.04.2018 | 01.05.2018 | 02.05.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 6 | 2 | 2 | 2 | 2 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 290 | 290 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | പാലുറയ്ക്കുന്ന പരുവം/ ചാഴി | വേപ്പെണ്ണ അടങ്ങിയ കീടനാശിനികൾ 3 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഉപയോഗിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| തെങ്ങ് | ചെമ്പൻ ചെല്ലി | ചെറു തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം കു വരുന്നു. പ്രതിരോധ നടപടിയായി ഇമിഡാക്ലോപ്രിഡ് 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ച് കൊടുക്കുക. |
| വാഴ | സിഗാടോക്ക | ഒന്നിടവിട്ട മഴയും വെയിലും മൂലം വാഴയിൽ സിഗാടോക്ക എന്ന കുമിൾ രോഗം വ്യാപകമാകുവാൻ സാധ്യത. ഈ രോഗത്തിൽ നിന്നും വാഴക്ക് സംരക്ഷണം നൽകാൻ 10 മുതൽ 20 ഗ്രാം വരെ സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിൽ ഒഴിച്ചു കൊടുക്കുക. രോഗം ബാധിച്ച വാഴകൈയ്യുകൾ വെട്ടി കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്തതിനു ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ | നീരുറ്റിക്കുടിക്കുന്ന പ്രാണികൾ | ജലസേചന സൗകര്യമുണ്ടങ്കിൽ പാവൽ,ചീര തുടങ്ങിയ പച്ചക്കറികൾ ഈ മാസവും നടാം.പച്ചക്കറികൾക്ക് 3-4 ദിവസം കൂടുമ്പോൾ നല്ലതോതിലുള്ള ജലസേചനം നൽകണം. നീരുറ്റിക്കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കാനായി ഇമിഡക്ലോപ്രിഡ് 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy) | |